REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 18-10-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു, ഇന്ന് മലാവിയിൽ നേതൃത്വവുമായി ഉഭയകക്ഷി- പ്രതിനിധി തല ചർച്ച നടത്തും.
- പാവപ്പെട്ടവരെയും അധഃസ്ഥിതരെയും ശാക്തീകരിക്കുന്നതിന് NDA പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക കരിക്കുലം തയ്യാറാക്കുമെന്ന് മന്ത്രി V. ശിവൻകുട്ടി.
- KSRTC ബസുകളിൽ ഓൺലൈൻ പെയ്മെന്റ് സംവിധാനം മൂന്ന് മാസത്തിനകം നടപ്പാക്കുമെന്ന് മന്ത്രി K.B ഗണേഷ് കുമാർ.
- കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് P.P.ദിവ്യ രാജിവെച്ചു.
- വനിതാ ട്വന്റി- 20 ലോകകപ്പ് ക്രിക്കറ്റിൽ നിലവിലെ ചാമ്പ്യന്മാരായ ഓസ്ട്രേലിയയെ തോൽപ്പിച്ച് ദക്ഷിണാഫ്രിക്ക ഫൈനലിൽ.

## വാർത്തകൾ വിശദമായി

**മൂന്ന് ആഫ്രിക്കൻ രാജ്യങ്ങളിൽ നടത്തുന്ന സന്ദർശനത്തിന്റെ ഭാഗമായി ഇന്നലെ മലാവിയിലെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു, ഇന്ന് മലാവിയുടെ നേതൃത്വവുമായി ഉഭയകക്ഷി- പ്രതിനിധി തല ചർച്ച നടത്തും.**

സന്ദർശനത്തെ കുറിച്ച് രാഷ്ട്രപതിയുടെ മാധ്യമസംഘത്തിൽ നിന്ന് A M മയൂഷ.

......വോയ്സ്....

✪✪✪

രാജ്യപുരോഗതി കൈവരിക്കുന്നതിനും പാവപ്പെട്ടവരെയും അധഃസ്ഥിതരെയും ശാക്തീകരിക്കുന്നതിനും NDA പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

ചണ്ഡീഗഡിൽ NDA മുഖ്യമന്ത്രിമാരുടെയും ഉപമുഖ്യമന്ത്രിമാരുടെയും യോഗത്തിൽ അധ്യക്ഷത വഹിച്ച ശേഷം സദ്ഭരണത്തെക്കുറിച്ചും ജനജീവിതം മെച്ചപ്പെടുത്തുന്നതിന് വഴികളെക്കുറിച്ച് യോഗം വിപുലമായ ചർച്ചക നടത്തിയതായി മോദി സാമൂഹ്യ മാധ്യമ പോസ്റ്റിൽ, അറിയിച്ചു.

BJP അധ്യക്ഷൻ J.P നദ്ദ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ആഭ്യന്തര മന്ത്രി അമിത് ഷാ എന്നിവരും യോഗത്തിൽ പങ്കെടുത്തു. സംവിധാൻ കാ അമൃത് മഹോത്സവം ആചരിക്കുന്നതുൾപ്പെടെ കാര്യങ്ങൽ യോഗം ചർച്ച ചെയ്തു.

NDA സഖ്യത്തിലെ 17 മുഖ്യമന്ത്രിമാരും 18 ഉപമുഖ്യമന്ത്രിമാരും യോഗത്തിൽ പങ്കെടുത്തു.

✪✪✪

ജാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വിജ്ഞാപനം ഇന്ന് പുറത്തിറങ്ങും. അടുത്ത മാസം 13 ന് 43 മണ്ഡലങ്ങളിലാണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ്. ഈ മാസം 25 ആണ് നാമനിർദേശ പത്രിക സമർപ്പിക്കാൻ അവസാന ദിവസം. രണ്ട് ഘട്ടങ്ങളിലായാണ് ജാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പ്. രണ്ടാംഘട്ട വോട്ടെടുപ്പ് അടുത്ത മാസം 20നാണ്.

✪✪✪

ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക കരിക്കുലം തയ്യാറാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുവരികയാണെന്ന് മന്ത്രി V. ശിവൻകുട്ടി അറിയിച്ചു. ഗവൺമെന്റിന്റെ നൂറു ദിന കർമ്മ

പരിപാടികളിൽ ഉൾപ്പെടുത്തി SCERT യും  കണ്ണൂർ സർവ്വകലാശാലയും സംയുക്തമായി പൂർത്തീകരിച്ച ഗവേഷണ പദ്ധതിയുടെ ഉദ്ഘാടനം കണ്ണൂർ മാങ്ങാട്ടുപറമ്പ് ക്യാമ്പസിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായാണ് ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്കായി ഇൻക്ലൂസീവ് സ്പോർട്സ് മാന്വൽ രൂപീകരിക്കുകയും നവംബറിൽ കൊച്ചിയിൽ നടക്കുന്ന സംസ്ഥാന കായികമേളയിൽ ഇൻക്ലൂസീവ് സ്പോർട്സ് നടപ്പിലാക്കുകയും ചെയ്യുന്നതെന്നും മന്ത്രി അറിയിച്ചു.

പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറി വരെ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇൻറലിജൻസിന്റെ സാധ്യതകളെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പ് ഉപയോഗപ്പെടുത്തുമെന്നും ശിവൻകുട്ടി പറഞ്ഞു.

✪✪✪

KSRTC ബസുകളിൽ ഓൺലൈൻ പെയ്മെന്റ് സംവിധാനം മൂന്ന് മാസത്തിനകം നടപ്പാക്കുമെന്ന് മന്ത്രി K.B ഗണേഷ് കുമാർ പറഞ്ഞു. പരമാവധി ദീർഘദൂര സർവീസുകളെ സെമി സ്ലീപ്പർ, A.C ബസുകളാക്കി മാറ്റുമെന്നും, സർവീസ് നടത്തുന്ന ബസുകളുടെ വിവരങ്ങൾ അടങ്ങിയ ഓൺലൈൻ ആപ്പ്  പരിഗണിച്ചു വരികയാണെന്നും അദ്ദേഹം അറിയിച്ചു.

അങ്കമാലി KSRTC ബസ് സ്റ്റേഷനിലെ ശീതീകരിച്ച വിശ്രമകേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. MLA  ഫണ്ടിൽ നിന്നു ധന സഹായത്തോടെ ബസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടറൈസേഷൻ ഉടൻ നടപ്പാക്കുമെന്നും  ഗണേഷ്കുമാർ പറഞ്ഞു.

✪✪✪

ഹിൽമെന്റ് സെറ്റിൽമെന്റ് പട്ടയങ്ങൾ കൊടുത്തുതീർക്കാനാണ് സാമ്പത്തിക പ്രതിസന്ധിയ്ക്കിടയിലും  പ്രത്യേക തസ്തികകൾ സൃഷ്ടിച്ച് മുണ്ടക്കയത്ത് ഭൂമി പതിവ് സ്പെഷ്യൽ തഹസീൽദാർ ഓഫീസ് ആരംഭിച്ചതെന്ന്  മന്ത്രി K. രാജൻ പറഞ്ഞു. കോട്ടയം ജില്ലാതല പട്ടയമേളയും മുണ്ടക്കയം സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയത്തിന്റെ ഉദ്ഘാടനവും  നിർവഹിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ഭിന്നശേഷിക്കാർക്ക് സമൂഹത്തിൽ കൂടുതൽ ഉൾച്ചേരാനും, മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കാനും ആത്മവിശ്വാസം വർധിപ്പിക്കാനും അസിസ്റ്റീവ് ടെക്നോളജിയുടെ പ്രാപ്യത അനിവാര്യമാണെന്ന് മന്ത്രി ഡോ. R ബിന്ദു അഭിപ്രായപ്പെട്ടു. അസിസ്റ്റീവ് ടെക്നോളജി മേഖലയിലെ വാർഷിക കോൺഫറൻസായ എംപവർ 24 തിരുവനന്തപുരം നിഷ്-ൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സാധാരണക്കാരന് താങ്ങാവുന്ന വിലയിൽ ഇത്തരം ഉപകരണങ്ങൾ ലഭ്യമാക്കാൻ ഗവേഷണങ്ങളും, പദ്ധതികളും കൊണ്ടുവരാൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ മുൻനിരയിലെത്തണമെന്നും മന്ത്രി പറഞ്ഞു.

‘എംപവർ -24’ നാളെ സമാപിക്കും.

✪✪✪

ഗവൺമെന്റുകൾക്കെതിരെ വിധിയെഴുതാൻ കേരളത്തിലെ ജനങ്ങൾ അവസരം നോക്കിയിരിക്കുകയാണെന്ന് സംഘടനാ ചുമതല വഹിക്കുന്ന AICC ജനറൽ സെക്രട്ടറി K.C വേണുഗോപാൽ എം.പി പറഞ്ഞു. വയനാട് ലോക്സഭാ മണ്ഡലത്തിലെ UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധിയുടെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് നേതൃതല കൺവൻഷൻ മുക്കത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മുണ്ടക്കൈ ദുരന്തത്തിൽ തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുൻപ് ദുരന്ത ബാധിതരോട് നീതി പുലർത്തുമെന്നായിരുന്നു പ്രതീക്ഷ. സംസ്ഥാന ഗവൺമെന്റും ദുരന്തത്തെ അതിജീവിക്കുന്നതിന് പ്രവർത്തനങ്ങളിൽ ആത്മാർഥത പുലർത്തിയില്ലെന്ന് വേണുഗോപാൽ കുറ്റപ്പെടുത്തി.

✪✪✪

ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സരിൻ വിഷയത്തിൽ നിലപാട് വ്യക്തമാക്കേണ്ടത് CPIM ന്റെ പാലക്കാട് ജില്ലാ നേതൃത്വം ആണെന്ന്. LDF കൺവീനർ T.P രാമകൃഷ്ണൻ പറഞ്ഞു. സരിൻ ഉന്നയിച്ച ആരോപണങ്ങളിൽ കോൺഗ്രസ് നേതൃത്വം മറുപടി പറയണമെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

പാലക്കാട്ടും ചേലക്കരയിലും P.V അൻവർ MLA യുടെ പാർട്ടി സ്ഥാനാർത്ഥികൾ മത്സരിക്കുന്നത് ഇടത് മുന്നണിക്ക് യാതൊരു തരത്തിലും ഭീഷണിയാവില്ലന്നും രാമകൃഷ്ണൻ വ്യക്തമാക്കി.

✪✪✪

കണ്ണൂർ എ.ഡി.എം. കെ.നവീൻ ബാബുവിന്റെ ആത് മഹത്യയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി.ദിവ്യ രാജിവെച്ചു. പുതിയ പ്രസിഡന്റായി കെ.കെ രത്നകുമാരിയെ നിയോഗിക്കാൻ സി.പി.ഐ.എം. ജില്ലാ സെക്രട്ടേറിയേറ്റ് തീരുമാനിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

--------------- (വോയ്സ്) ----------------

✪✪✪

പി.പി.ദിവ്യ കണ്ണൂർ ജില്ലാ പഞ്ചായത്ത് അധ്യക്ഷ സ്ഥാനം രാജിവെച്ചതുകൊണ്ട് കാര്യമില്ലെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ പറഞ്ഞു. ADM നവീൻ ബാബുവിനെ മരണത്തിലേക്ക് തള്ളവിട്ട അവർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ജനരോഷം ഭയന്നു രാജി കൊണ്ട് കാര്യമില്ലെന്നും സതീശൻ പറഞ്ഞു. എഡിഎമ്മിന്റെ മരണത്തിൽ പി.പി.ദിവ്യക്കെതിരെ പ്രതിഷേധം ശക്തമാവുമ്പോഴാണ് പാർട്ടി നടപടി എടുത്തതെന്ന് പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

✪✪✪

കെൽട്രോൺ നിർമ്മിച്ച തന്ത്ര പ്രധാന ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, എൻപിഒഎൽ, ഹിന്ദുസ്ഥാൻ ഷിപ്പിയാർഡ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് കൈമാറി. മന്ത്രി പി രാജീവിന്റെ സാന്നിധ്യത്തിൽ കൊച്ചിയിലായിരുന്നു കൈമാറ്റ ചടങ്ങ്.

ഡെസ്ക് റിപ്പോർട്ട്.

-------വോയ്സ്--------------

കെൽട്രോൺ നിർമിച്ച സോണാർ പവർ ആംപ്ലിഫയർ, മരീച് സോണാർ അറേ, സബ്മറീൻ എക്കോ സൗണ്ടർ, സോണാർ ട്രാൻസ്മിറ്റർ സിസ്റ്റം, തുടങ്ങിയ ഉപകരണങ്ങളാണ് കൈമാറിയത്.

വിശാഖപട്ടണം നേവൽ സയൻസ് ആൻഡ് ടെക്നോളജിക്കൽ ലബോറട്ടറിയിൽ നിന്നു ഫ്ളൈറ്റ് ഇൻ എയർ മെക്കാനിസം മൊഡ്യൂൾ നിർമ്മിക്കുന്നതിനു ലെറ്റർ ഓഫ് ഇന്റന്റും, ഭാരത് ഡൈനാമിക്സ് ലിമിറ്റഡിൽ നിന്ന് ടോർപ്പിഡോ പവർ ആംപ്ലിഫയർ നിർമ്മിക്കുന്നതിനു ഓർഡറും, സ്റ്റാർട്ടപ്പ് കമ്പനിയായ റെക്സി മറൈൻ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നു ബോ ആൻഡ് ഫ്ലാങ്ക് അറേ നിർമ്മിക്കുന്നതിനുള്ള ലെറ്റർ ഓഫ് ഇന്റന്റും കെൽട്രോണിന് ലഭിച്ചു.

✪✪✪

ICC വനിതാ ട്വന്റി- 20 ലോകകപ്പ് ക്രിക്കറ്റിൽ നിലവിലെ ചാമ്പ്യന്മാരായ ഓസ്ട്രേലിയയെ തോൽപ്പിച്ച് ദക്ഷിണാഫ്രിക്ക ഫൈനലിൽ പ്രവേശിച്ചു.

ദുബായ് ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടന്ന ആദ്യ സെമിയിൽ എട്ട് വിക്കറ്റിനാണ് ദക്ഷിണാഫ്രിക്ക ഓസ്ട്രേലിയയെ പരാജയപ്പെടുത്തിയത്.

രണ്ടാം സെമിയിൽ ന്യൂസിലൻഡും വെസ്റ്റ് ഇൻഡീസും തമ്മിൽ ഇന്ന് മത്സരിക്കും. ഷാർജ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകിട്ട് 7-30 നാണ് മത്സരം. ഈ വിജയികൾ മറ്റന്നാൾ ദുബായിൽ നടക്കുന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയെ നേരിടും.

✪✪✪

ബെംഗളൂരു എം. ചിന്നസ്വാമി സ്റ്റേഡിയത്തിൽ ഇന്ത്യയ്ക്കെതിരായ ആദ്യ ക്രിക്കറ്റ് ടെസ്റ്റിൽ മൂന്നാം ദിവസമായ ഇന്ന് 3 വിക്കറ്റിന് 180 എന്ന നിലയിൽ ന്യൂസിലൻഡ് ആദ്യ ഇന്നിംഗ്സ് പുനഃരാരംഭിക്കും. നിലവിൽ ഇന്ത്യക്കെതിരെ ന്യൂസിലൻഡിന് 134 റൺസിന്റെ ലീഡുണ്ട്.

ആദ്യ ഇന്നിംഗ്സിൽ ഇന്ത്യൻ ടീം 46 റൺസിന് പുറത്തായിരുന്നു. ഇത് ഇന്ത്യയുടെ മൂന്നാമത്തെ ഏറ്റവും കുറഞ്ഞ ടെസ്റ്റ് സ്കോറും ഹോം ടെസ്റ്റിലെ ഏറ്റവും കുറഞ്ഞ സ്കോറും കൂടിയാണ്.

✪✪✪

കാഠ്മണ്ഡുവിൽ SAFF വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ, ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ പാകിസ്ഥാനെ രണ്ടിനെതിരെ അഞ്ച് ഗോളുകൾക്ക് പരാജയപ്പെടുത്തി. ഗ്രൂപ്പ് എയിലെ രണ്ടാം മത്സരത്തിൽ ബുധനാഴ്ച ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഈ മാസം 30 നാണ് ഫൈനൽ.

✪✪✪

ആടു വസന്തയ്ക്കെതിരെ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പ്രതിരോധ കുത്തിവെയ്പ്പിന്റെ ഒന്നാം ഘട്ടം സംസ്ഥാനത്ത് ഇന്ന് ആരംഭിക്കും. സംസ്ഥാനതല ഉദ്ഘാടനം കുടപ്പനക്കുന്ന് കന്നുകാലി വളർത്തൽ ഫാമിൽ മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ആടുകളെയും ചെമ്മരിയാടുകളെയും മാരകമായി ബാധിക്കുന്ന വൈറസ് രോഗ ബാധയാണ് PPR എന്ന ആടു വസന്ത.

അടുത്തമാസം അഞ്ച് വരെ നടക്കുന്ന യജ്ഞത്തിലൂടെ നാല് മാസത്തിനു മുകളിൽ പ്രായം വരുന്ന പതിമൂന്നര ലക്ഷത്തോളം ആടുകൾക്കും, 1,500 ഓളം ചെമ്മരിയാടുകൾക്കും പ്രതിരോധ കുത്തിവയ്പ് നൽകും .

കാലിവസന്ത 2006 ഓടെ രാജ്യത്തു നിന്നും തുടച്ച് നീക്കിയതുപോലെ ആടുവസന്ത രോഗം 2030 ഓടു കൂടി നിർമ്മാർജ്ജനം ചെയ്യാനാണ് പദ്ധതി വഴി ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

✪✪✪

കൊച്ചി നഗരത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഉദ്ഘാടനം ഇന്ന് വൈകിട്ട് നടക്കും. യന്ത്രവത്കൃത ഖര മാലിന്യ നീക്കത്തിനായി റെഫ്യൂസ് കോംപാക്ടറുകളുടെ ഫ്ളാഗ് ഓഫ്, നവീകരിച്ച പൊതു ഇടങ്ങൾ, വൈറ്റില മൊബിലിറ്റി ഹബ്ബിലെ സർവീസ് റോഡ്, തുടങ്ങിയവയുടെ ഉദ്ഘാടനം മന്ത്രി M.B രാജേഷ് നിർവഹിക്കും.

പോള നീക്കുന്നതിനു ആംഫിബിയൻ വീഡ് ഹാർവെസ്റ്റർ, റോഡിലെ കുഴികൾ അടയ്ക്കുന്നതിനു പോട്ട് ഹോൾ പാച്ചിങ് മെഷീൻ മുതലായവയുടെ ഫ്ളാഗ് ഓഫ് മന്ത്രി P രാജീവ് നിർവഹിക്കും.

കലൂരിൽ GCDA നവീകരണം പൂർത്തിയാക്കിയ ആധുനിക മാർക്കറ്റ് കോംപ്ലക്സ് മന്ത്രി എം ബി രാജേഷ് ഉദ്ഘാടനം ചെയ്യും.

✪✪✪

കൊച്ചിയിൽ കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടക്കുന്ന പ്രതിനിധി സമ്മേളനം രാവിലെ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, കൊച്ചി മേയർ എം അനിൽകുമാർ, ഹൈബി ഈഡൻ എംപി തുടങ്ങിയവർ പങ്കെടുക്കും. വൈകിട്ട് സാംസ്കാരിക സായാഹ്നം മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും.

✪✪✪

बहुजनहिताय बहुजनसुखाय

आकाशवाणी